പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 357 13-10-2026-ൽ മറുപടിയ്ക്ക്

ഓപ്പറേഷൻ ക്ലീൻ കേസുകളും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എഫ്. രാജ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ ക്ലീൻ ദൗത്യത്തിലൂടെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസുകളുടെ തുടർനടപടികളിൽ വീഴ്ച ഉണ്ടാകാതിരിക്കാനും പ്രതികൾ നിയമനടപടികളിൽനിന്ന് രക്ഷപ്പെടാതിരിക്കാനും എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്; വ്യക്തമാക്കാമോ;

മറുപടി: ഓപ്പറേഷൻ ക്ലീൻ പദ്ധതിയുടെ ഭാഗമായി 05/10/2026-ാം തീയതി വരെ 12,050 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കേസുകളുടെ തുടർ നടപടികളിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാനും പ്രതികൾ നിയമനടപടികളിൽനിന്ന് രക്ഷപ്പെടുന്നത് തടയുന്നതിനുമായി കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാതലത്തിലും പോലീസ് സ്റ്റേഷൻതലത്തിലും നിരീക്ഷണം ശക്തമാക്കുകയും, ഒളിവിൽ കഴിയുന്ന പ്രതികളെ കണ്ടെത്തുന്നതിനായി പ്രത്യേക അന്വേഷണം നടത്തുകയും തുടർനിരീക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നു. ആവശ്യമായ കേസുകളിൽ KAA(P)A, PIT NDPS Act എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനു പുറമേ, ഒളിവിലുള്ള പ്രതികളെ കണ്ടെത്തുന്നതിനായി Look Out Circular (LOC), Red Corner Notice, Blue Corner Notice തുടങ്ങിയ നിയമപരമായ നടപടികളും സ്വീകരിക്കുന്നു. അറസ്റ്റിലായ പ്രതികളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഹരിവിതരണ ശൃംഖലയിലെ മറ്റ് പ്രതികളേയും പ്രധാന വിതരണക്കാരേയും കണ്ടത്തി നിയമനടപടികൾക്ക് വിധേയരാക്കുന്നു.

കൂടാതെ, കേസുകളുടെ പുരോഗതി ജില്ലാ പോലീസ് മേധാവിമാരും, അതീവ പ്രാധാന്യമുള്ള കേസുകളിൽ റേഞ്ച് ഡി.ഐ.ജി.മാരും ഉൾപ്പെടെയുള്ള

മേലുദ്യോഗസ്ഥർ നിരന്തരം അവലോകനം നടത്തി വീഴ്ചകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) പ്രസ്തുത ദൗത്യത്തിന്റെ ഭാഗമായി കണ്ടെത്തിയ ലഹരിയ്ക്ക് അടിമപ്പെട്ട വ്യക്തികൾക്ക് ലഹരിമുക്തി നേടുന്നതിനാവശ്യമായ ചികിത്സാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിനായി പ്രത്യേകം ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഓപ്പറേഷൻ ഡ്രഫാൻ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലെയും സർക്കാർ/ ജനറൽ ആശുപത്രികളിൽ പ്രത്യേക ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഡ്രഫാൻ കെയർ പദ്ധതിയുടെ ഭാഗമായി ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി അവർക്ക് മികച്ച ചികിത്സയും കൗൺസിലിംഗ് ശാസ്ത്രീയമായ പുനരധിവാസവും ഉറപ്പാക്കുന്നതിനായി ഐ.എം.എ (IMA) പ്രോട്ടോക്കോൾ അനുസരിച്ച് വിവിധ ആശുപത്രികളുമായി സഹകരിച്ച് ചികിത്സാ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

(സി) വിദ്യാലയങ്ങളെയും വിദ്യാർഥികളെയും കേന്ദ്രീകരിച്ചുള്ള ലഹരിവിപണനം തടയുന്നതിനായി ഓപ്പറേഷൻ ഡ്രഫാൻ പദ്ധതി കൂടുതൽ ശാക്തീകരിക്കാനും വിപുലപ്പെടുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> വിദ്യാലയങ്ങളെയും വിദ്യാർത്ഥികളെയും കേന്ദ്രീകരിച്ചുള്ള ലഹരി വിപണനം തടയുന്നതിനായി School Protection Groups (SPG), College Protection Groups എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങളും ലഹരി വിതരണവും തിരിച്ചറിയുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ബോധവൽക്കരണ, പ്രതിരോധ പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങളിലെ ലഹരി ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കായി ബോധവൽക്കരണവും കൗൺസിലിംഗ് ഉറപ്പാക്കുന്നതിനൊപ്പം ആവശ്യമായ ചികിത്സയും പുനരധിവാസവും ലഭ്യമാക്കുന്നു. കൂടാതെ, പോലീസ്, എക്സ്സൈസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വാർഡ് തല ജനജാഗ്രതാ സമിതികളുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയും പ്രാദേശികതലത്തിൽ തുടർച്ചയായ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

സെക്ഷൻ ഓഫീസർ